ഇരട്ടിയിലും 10 സോളാർ പാനൽ തെരുവു വിളക്കുകൾ വീതം സ്ഥാപിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് നടപടിയെടുത്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി, അട്ടപ്പാടി ഗിരിവർഗ്ഗ പ്രദേശം, വടക്കാഞ്ചേരി ബ്ലോക്ക്, കൊല്ലം ജില്ലയിലെ ഇലക്ട്രോണിക് പാർക്ക്, മറ്റു 12 പഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 20 സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതാണ്.

(സി) ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി ഏറ്റെടുത്ത ജോലി ഉടനെ പൂർത്തിയാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ചെറുകിട കർഷകർക്ക് ആനുകൂല്യങ്ങൾ

* 321. [347] ശ്രീ. എം. കെ. കേശവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസഹായത്തോടെ ചെറുകിട നാമമാത്ര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു ;

(ബി) ഇവർക്ക് പമ്പ്സെറ്റ് ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉദാരമാക്കിയിട്ടുള്ളത് ;

(സി) ഇതനുസരിച്ച് ചെറുകിട കർഷകനും നാമമാത്ര കർഷകനും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. സുന്ദരൻ നാടാർ) :

(എ) ചെറുകിട നാമമാത്ര കർഷകർക്ക് കേന്ദ്രസഹായത്തോടെ കൃഷി വകുപ്പു മുഖേന "മിനി കിറ്റ്" പരിപാടിയനുസരിച്ച് പയർ, നിലക്കടല, എള്ള് എന്നീ വിത്തുകളും തെങ്ങിൻതൈകളും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഇതു കൂടാതെ ഭൂവികസന പ്രവർത്തനങ്ങൾക്ക് സബ്സിഡിയും, ഗ്രാമീണ വികസനവകുപ്പു മുഖേന പമ്പ്സെറ്റ് വിതരണവും നടത്തിവരുന്നു.

(ബി, സി) ചെറുകിട കർഷകന് 25% നിരക്കിലും നാമമാത്ര കർഷകന് 33⅓% നിരക്കിലും പമ്പ്സെറ്റ് സബ്സിഡി ലഭിക്കത്തക്കവിധത്തിൽ നിയമങ്ങൾ ഉദാരമാക്കിയിട്ടുണ്ട്.

റേഷൻഷോപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന അരിയും ഭക്ഷ്യധാന്യങ്ങളും

* 322. [348] ശ്രീ. കെ. മൂസ്സക്കുട്ടി :
,, ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ ഷോപ്പുകളിൽക്കൂടി വിതരണം ചെയ്യുന്നതിന് നൽകുന്ന അരിയും മറ്റു ഭക്ഷ്യധാന്യങ്ങളും പലപ്പോഴും ഗുണനിലവാരം കുറഞ്ഞതാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly